പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.202 **05.11.2019-ലെ മറുപടിക്ക്**

<u>ചോദ്യം</u> **<u>മറുപടി</u>**

ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. ആർ. രാജേഷ്
ശ്രീ. കെ. ബാബു
ശ്രീമതി വീണാ ജോർജ്ജ്

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പമന്ത്രി

<u>സംസ്ഥാനത്തിന്റെ റവന്യൂ വർദ്ധനവിനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ</u>

(എ)	നോട്ട് നിരോധനം, ജി.എസ്.ടി. നടപ്പിലാക്കിയതിലെ അനവധാനത, കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾ കൊണ്ടും നടപടി കൊണ്ടും സംജാതമായ സാമ്പത്തിക മാന്ദ്യം എന്നിവയും ആവർത്തിച്ചുണ്ടായ തീവ്രപ്രളയവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് സൃഷ്ടിച്ചിട്ടുള്ള വെല്ലുവിളി മറികടക്കാൻ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;	കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ടു പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം

പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കിക്കൊണ്ട് സംസ്ഥാന ധന നയത്തിൽ ഒരു അടിസ്ഥാനതിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനോടകം 45618.6 കോടി രൂപയുടെ 591 പശ്ചാത്തല സൗകര്യ വികസന

		പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 247 പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്. 2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി. 3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി. 4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി. 5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. 6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു. 7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.
(ബി)	ജി.എസ്.ടി. നിയമത്തിലെ നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ അടയ്ക്കാതെ തന്നെ വീണ്ടും ചട്ടങ്ങൾ ലഘൂകരിച്ചതും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട കോർപ്പറേറ്റ് നികുതിയിൽ കേന്ദ്രസർക്കാർ കുറവു വരുത്തിയതും സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഇടിവ് സൃഷ്ടിക്കാനിടയുള്ളത് മറികടന്നുകൊണ്ട് റവന്യൂ വർദ്ധനവിനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണ്;	ജി.എസ്.ടി. നിയമത്തിലെ നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടച്ചുകൊണ്ടു തന്നെയാണ് ഭരണ നിർവ്വഹണം നടത്തുന്നത്. ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു. 1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ,

		വാങ്ങൽ വൌച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും. 2. ജി.എസ്.ടി.ആർ-2എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.

		4. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. 5. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്ക് സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നു. മറ്റ് നികുതികളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി, കുടിശ്ശിക നിവാരണത്തിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കുകയും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യും.
(സി)	പ്രതിസന്ധിക്കിടയിലും പാവപ്പെട്ടവർക്ക് നൽകുന്ന ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ച നിരക്കിൽ യഥാസമയം നൽകാൻ സാധ്യമായിട്ടുണ്ടോ എന്ന് അറിയിക്കാമോ?	ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 15.07.2016-ലെ സ.ഉ.(കൈ) 282/2016/ധന. പ്രകാരം 01.06.2016 മുതൽ 1000 രൂപയായും 23.03.2017ലെ സ.ഉ.(കൈ)204/2017/ധന. പ്രകാരം 01.04.2017 മുതൽ 1100 രൂപയായും തുടർന്ന് 18.02.2019-ലെ സ.ഉ.(കൈ)91/2019/ധന. പ്രകാരം 01.04.2019 മുതൽ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ പ്രതിമാസം 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 21.02.2018-ലെ സ.ഉ.(കൈ)61/2018/ധന. പ്രകാരം 80 ശതമാനവും അതിനു മുകളിലും

		വൈകല്യമുള്ളവർക്ക് 21.02.2018 മുതൽ പെൻഷൻ തുക 1100 രൂപയിൽ നിന്നും 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം ഈ സർക്കാരിന്റെ കാലത്ത് 3443414 -ൽ നിന്നും 4679645 ആയി വർദ്ധിച്ചിട്ടുണ്ട്. സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന 656609 പേരും ഉണ്ട്. ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷന് തുല്യമായി വർദ്ധിപ്പിക്കുകയും അത് സർക്കാർ തന്നെ വഹിക്കുകയും ചെയ്യുന്നുണ്ട്. ഇതിനേക്കാൾ ഉയർന്ന നിരക്കിൽ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷനുകളിൽ ആ നിരക്കിൽ തന്നെ ലഭ്യമാക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയിനത്തിൽ നൽകാനുണ്ടായിരുന്ന 1473.67 കോടി രൂപ ഈ സർക്കാർ നൽകുകയുണ്ടായി. നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ അവസരങ്ങളിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നത്. 2019 ജൂലൈ മാസം വരെയുള്ള പെൻഷൻ ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യുകയുണ്ടായി. ഇത് പ്രകാരം നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശികയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി തന്നെ വിതരണം ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ